# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: **98***

10.08.2017-ൽ മറുപടിക്ക്

## **പൊതുമരാമത്ത് ജീവനക്കാർക്ക് പരിശീലന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>,, വി.ആർ.സുനിൽകുമാർ<br>ശ്രീമതി.സി.കെ.ആശ | | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ആമുഖ പരിശീലനം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>എഞ്ചിനീയർമാർക്കും, ഓവർസിയർമാർക്കും, ക്ലാർക്കുമാർക്കും ഇൻഡക്ഷൻ പരിശീലന പരിപാടികളും, ടൈപ്പിസ്റ്റുകൾക്കും, ഓഫീസ് അറ്റൻഡർമാർക്കും വകുപ്പിനെക്കുറിച്ചും, സിവിൽ സർവ്വീസിനെക്കുറിച്ചുമുള്ള ആമുഖ പരിശീലനവും നല്കുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തുടർ പരിശീലന സംവിധാനം നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഏതൊക്കെ കേന്ദ്രങ്ങളിലാണ് പ്രസ്തുത പരിശീലനം നടത്താനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (സി) | കേരളത്തിൽ കാര്യവട്ടത്ത് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചും, കൂടാതെ മൂന്ന് മേഖലകൾ തിരിച്ചും പരിശീലനം നടത്തിവരുന്നു. ഇതിൽ ദക്ഷിണ മേഖലയിൽ തിരുവനന്തപുരം റെസ്റ്റ് ഹൗസ് ഹാൾ, കൊല്ലം ഗസ്റ്റ് ഹൗസ് ഹാൾ/എഞ്ചിനീയേഴ്സ് ക്ലബ്, മദ്ധ്യമേഖലയിൽ എറണാകുളം റെസ്റ്റ് ഹൗസ് ഹാൾ, തൃശ്ശൂർ റെസ്റ്റ് ഹൗസ് ഹാൾ, തൊടുപുഴ റെസ്റ്റ് ഹൗസ് ഹാൾ, ഉത്തരമേഖലയിൽ കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് കോംപ്ലക്സ്/റെസ്റ്റ് ഹൗസ് ഹാൾ എന്നിവിടങ്ങളിൽ വച്ച് നടത്തി വരുന്നു. കൂടാതെ ഐ.എം.ജി-യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലും പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |

ഇനിയുള്ള പരിശീലന പരിപാടികളും മുകളിൽ പറഞ്ഞ കേന്ദ്രങ്ങളിൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്നു. കേരളത്തിനു വെളിയിൽ ഇൻഡ്യൻ അക്കാഡമി ഓഫ് ഹൈവേ എഞ്ചിനീയറിംഗ്, ന്യൂഡൽഹി, സെന്റർ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ന്യൂഡൽഹി എന്നിവിടങ്ങളിൽ വച്ച് നടക്കുന്ന പരിശീലന പരിപാടികളിൽ എഞ്ചിനീയർമാരെ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ